കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

എസ്.എ.റ്റി.വി.എം/ജി.പി.1770/2017

തീയതി : 21.08.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്.

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം/ജി.പി.9/770/2017 തീയതി : 21.08.2017

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2017 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എൻക്വയറികൾക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.08.2017മുതൽ 17.08.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി.എം.എൽ.ലേഖ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.എസ്.സുജേഷ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പി.കെ.വിനുകുമാർ, ഓഡിറ്റർ

ശ്രീ.ശരത്.ജെ.ശങ്കർ, ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.എസ്.സിന്ധു 01-04-2016 മുതൽ 31-03-2017 വരെ

സെക്രട്ടറി : ശ്രീ.പി.ഗിരീശൻ, 01.04.2015 മുതൽ 31.05.2016 വരെ

: ശ്രീ.പി.കെ അപ്പുകുമാർ 01.06.2016 മുതൽ 15.06.2016 വരെ

: ശ്രീ.എൻ.രഘുകുമാർ 15.06.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.റ്റി.എസ്.മഹേഷ് | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ആഫീസർ (PHC) | ഡോ.എം.പി.ഷീജ | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.കെ.അപ്പുകുമാർ | 01.04.2016മുതൽ 22.07.2016 വരെ |
| | ശ്രീ.എസ്.രാജസേനൻ നായർ | 23.07.2016മുതൽ 21.12.2016 വരെ |

| | | |
|---|---|---|
| | ശ്രീ.കെ.വിക്രമൻ പിള്ള | 22.12.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ആഫീസർ (ആയുർവ്വേദം) | ഡോ.സോജ്.ആർ | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.വിജയകുമാർ.എ | 01.04.2016മുതൽ 31.05.2016 വരെ |
| | ഡോ.ജി.മധുസൂധനൻ | 01.06.2016മുതൽ 07.09.2016 വരെ |
| | ഡോ.സുരേഷ് കുമാർ | 08.09.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ് ശങ്കർ | 01.04.2016മുതൽ 06.11.2016 വരെ |
| | ശ്രീ.നിഹാദ്.എ.വി. | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുരേന്ദ്രകുറുപ്പ് | 01.04.2016 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സി.എസ്.ചന്ദ്രലേഖ | 01.04.2016 മുതൽ 15.07.2016 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.വർഗ്ഗീസ് നൈനാൻ | 16.07.2016 മുതൽ 20.07.2016 വരെ |
| | ശ്രീമതി.സബിത.എസ്.ആർ | 21.07.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.റ്റിറ്റി.ബി.ജി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12. | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 13 | ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല | 2-2 | |
| 14 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല | 2-3 | |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-4 | |

| | | | |
|---|---|---|---|
| 16 | ലേലം പിഴപ്പലിശ ഈടാക്കിയിട്ടില്ല. | 2-5 | |
| 17 | ഷോപ്പിംഗ് കോംപ്ളക്സ് വാടക ഈടാക്കിയിട്ടില്ല | 2-6 | |
| 18 | കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത | 2-7 | |
| | ഭാഗം - 3 | | |
| 19 | മുട്ടക്കോഴി വളർത്തൽ- പ്രോജക്ട് പൂർണ്ണമായും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല | 3-1 | |
| 20 | ആട്ടുവളർത്തൽ പദ്ധതി - നിർവ്വഹണം തൃപ്തികരമല്ല | 3-2 | |
| 21 | ആശ്രയ പദ്ധതി നടപ്പിലാക്കില്ല | 3-3 | |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭിച്ചില്ല | 3-4 | |
| 23 | ആയുർവേദ മരുന്നകൾ വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-5 | |
| 24 | വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-6 | |

| | | | |
|---|---|---|---|
| | | | |
| 25 | പത്ര പരസ്യം നൽകൽ- ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല | 3-7 | |
| 26 | തൊഴിൽ രഹിത വേതനം കാലാവധി കഴിഞ്ഞ ശേഷവും അനുവദിച്ചു | 3-8 | |
| 27 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-9 | |
| 28 | പദ്ധതിക്ക് തുക ചെലവഴിക്കൽ- ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പാലിച്ചില്ല | 3-10 | |
| 29 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 3-11 | |
| 30 | വി ഇ ഒ യുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്. | 3-12 | |
| 31 | *പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.* | 3-13 | |

| | | | |
|---|---|---|---|
| | ഭാഗം- 4 | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/വായ്പാതിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 01.03.2017 -ാം തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 110815210 രൂപ വരവും 103000000/-രൂപ ചെലവും 7815210.04/- രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് മുന്നിരിപ്പ് ഉൾപ്പെടെ 70788113.04/- രൂപയും ചെലവ് 57334820.04/- രൂപയും നീക്കിയിരിപ്പ് 13453293/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 10.08.2017 | |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. തൊഴിലില്ലായ്മ വേതനം വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 27600 രൂപ ട്രഷറിയിൽ തിരിച്ചടച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല.
2. Financial Assistance to Widow Daughters ഇനത്തിൽ 60000 രൂപ വാർഷിക

ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നു. 30,000 രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

3. Schedule B11(a)ൽ Capital Work in Progress 408786/- രൂപയാണ്, AE യുടെ റിപ്പോർട്ട് പ്രകാരം 557005/- രൂപയ്ക്കാണ് പാർട്ട് ബിൽ നൽകിയിരിക്കുന്നത്.
4. RP Schedule Closing Balance (RP 40-b) യിൽ VPFA I ൽ 31259 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുകകളുടെ ട്രഷറി ബാലൻസ് സ്റ്റേറ്റ്മെന്റ് (പാസ്സ്ബുക്ക്) ഹാജരാക്കിയിട്ടില്ല.
5. ഡി.സി.ബി തിരുവനന്തപുരം 223 ന്റെ ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് ബാലൻസ് 10411356.40, Bank Statement പ്രകാരം 11178626.25. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. ഓഡിറ്റ് റിക്കവറി ഇനത്തിൽ 784396 രൂപ ഒടുക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ 772750 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
7. ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ക്യാഷ് ബുക്ക്, പാസ്സ്ബുക്ക്, ക്ലോസിംഗ് ബാലൻസുകൾ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ക്ലോസിംഗ് ബാലൻസ് ക്യാഷ് ബുക്ക് പ്രകാരം 2328639 രൂപയും, ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 1260941 രൂപയുമാണ്.
8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10029713.04 |
| വരവ് | 60758400.00 |
| ആകെ | 70788113.04 |
| ചെലവ് | 57334820.04 |
| നീക്കിയിരിപ്പ് | 13453293.04 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | തൻവർഷ | ആകെ | ചെലവ് | നീക്കി | ചെലവ് |
|---|---|---|---|---|---|---|

| | ബാക്കി | വരവ്& ട്രാൻസ്ഫർ ക്രെഡിറ്റ് | | | യിരിപ്പ് | ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12037467.00 | 12037467.00 | 12037467 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 8634633.00 | 8634633.00 | 8634633 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 119901.00 | 119901.00 | 119901 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 321246.00 | 321246.00 | 321246 | 0 | |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2834215.00 | 2834215.00 | 2834215 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6931345 | 6931345.00 | 6931345 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1055312.00 | 1055312.00 | 1055312 | 0 | |
| എം.എൻ.ആർ . ഇ. ജി.എസ് | 1585.00 | 760761.00 | 762346.00 | 759725 | 2621.00 | |
| ബി ഫണ്ട് | 0 | 789480.00 | 789480.00 | 789480 | 0 | |
| ജനറൽ പർപ്പസ് | 359431.00 | 8388468.00 | 8747899.00 | 6419260 | 2328639.00 | |
| വി.പി.എഫ്.എ 1 | 0 | 31259.00 | 31259.00 | 0 | 31259.00 | |
| സാക്ഷരത | 51893.64 | 156800.00 | 208693.00 | 153609.04 | 55084.64 | |
| ട്രഷറി റ്റി.എസ്.ബി | 0 | 91060.00 | 91060.00 | 70686.00 | 20374.00 | |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെന്റ്വർ | | | | | | |
| ക്യാഷ് | 119017.00 | 603959.00 | 722976.00 | 119017.00 | 603959.00 | |
| തനത് ഫണ്ട് (ഡി.സി.ബി) | 9497786.40 | 18002494.00 | 27500280.4 | 17088924.00 | 10411356.40 | |
| ആകെ | 10029713.04 | 60758400 | 70788113.04 | 57334820.04 | 13453293.04 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 60944436 | 151 | 38040539 | 48 | - | 76 % |

# 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ<br>വിനോദനികുതി | 107205 | 104030 | 3175 |
| തൊഴിൽ നികുതി | 2894145 | 2979710 | 85565 |
| കെട്ടിട നികുതി | 2340487 | 3983815 | 1643328 |
| പരസ്യ നികുതി | 76686 | 72395 | 4291 |
| ഷോ ടാക്സ് | 3345 | 65 | 3270 |
| നികുതിയേതര വരവുകൾ<br>ലേലം | 1914695 | 2317591 | 402896 |
| ഷോപ്പിംഗ് | 1118300 | 1173330 | -55030 |

| | | | |
|---|---|---|---|
| കോംപ്ലക്സ് | | | |
| ഡി.&ഒ ലൈസൻസ് | 170050 | 127650 | 42400 |
| മറ്റ് വരവുകൾ | 607218 | 7347938 | 6740720 |
| ആകെ | 9124926 | 18002494 | 8867440 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 729480 | 410 |
| കർഷക തൊഴിലാളി പെൻഷൻ | 4411200 | 474 |
| വിധവാപെൻഷൻ | 15340200 | 1493 |
| വാർദ്ധക്യകാല പെൻഷൻ | 19432350 | 1922 |
| വികലാംഗ പെൻഷൻ | 2945390 | 275 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 1 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 270000 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017 10.30 amന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28084/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക നിർദ്ദേശമില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2017 | 04/17 മുതൽ 06/17 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.04.2004 | 1997-98 മുതൽ 2003-04 വരെ | 10.08.2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ (എം.എസ്)നം.113/2009/ത.സ്വഭ.വ,തീയതി. 02/01/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. 1-04-2013 ൽ പ്രാബല്യത്തിൽ വന്ന ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ, തീയതി. 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന് 400/- രൂപ മുതൽ 500/- രൂപ വരെയാണ്. പഞ്ചായത്തു പരിധിയിൽ അഞ്ച് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്ന

വെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3) മറുപടി നൽകിയത്. എന്നാൽ ഇതിൽ നാല് ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ

| ക്രമ നം. | ടവർ നമ്പർ | കമ്പനിയുടെ പേര് | ഡിമാന്റ് പ്രകാരം ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | 16/716 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 3675 |
| 2 | 16/717 | സിസ്റ്റെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | 10500 |
| 3 | 16/893 | ഇൻഡ്യൻ ടെലി.കോം ഇൻഫ്രാ ലി. | 4200 |
| 4 | 13/696 | ഭാരതി ഇൻഫ്രാ ഫെഡ് ലിമിറ്റഡ് | 708 |

പ്രസ്തുത മൊബൈൽ സേവന ദാതാക്കളിൽ നിന്നും വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല

2015-16 വർഷം ഡി ആന്റ് ഓ ലൈസൻസ് നൽകിയ ചുവടെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം ഡി ആന്റ ഓ ലൈസൻസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) നിലവിലും ഈ

സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ടെന്നും 2017-18 വർഷത്തിൽ ഡി ആന്റ് ഓ ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് മറുപടി നൽകി. ഡി ആന്റ് ഓ ലൈസൻസ് ഫീ കുടിശ്ശികയായി ഈടാക്കാൻ സാധിക്കാത്തതിനാൽ ഓഡിറ്റ് വർഷം ഈ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഫീ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമനം. | വാർഡ് നം. | സ്ഥാപന ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 1 | ശ്രീ.കുഞ്ഞുരാമനാശാരി, തിരുവമ്പാടി വീട് | പേര് രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1 | ശ്രീ.ബിപിൻ.എസ്, സുലേഖാ മന്ദിരം | കാർ ആക്സസ്സറീസ് |
| 3 | 1 | ശ്രീമതി.ബേബി.റ്റി, ബേബി വിലാസം | റ്റീ ഷോപ്പ് |
| 4 | 1 | ശ്രീ.വൈ.അഷറഫ്,സുറ മൻസിൽ | റൈസ് ആന്റ് ഫ്ലവർ മിൽ |
| 5 | II | ശ്രീ.ഗിരീഷ് കുമാർ, തംബുരു ഭവൻ | ടെയിലറിംഗ് ഷോപ്പ് |
| 6 | II | ശ്രീ.ബാബുരാജ്, തിരുവാതിര | ആട്ടോറിക്ഷ സ്പെയർ പാർട്സ് |
| 7 | III | ശ്രീമതി.സുമി സുരേഷ് | ആലപ്പി പാഴ്സൽ സർവ്വീസ് |
| 8 | III | ശ്രീ.മുഹമ്മദ് മുസ്തഫ | വാഹന പാർട്സ് |
| 9 | III | ശ്രീ.പി.രാജേഷ്, മേലേവിള വീട് | ഡയഗ്നോസ്റ്റിക്സ് |
| 10 | IV | ശ്രീ.ജെ.കണ്ണൻ, കാട്ടായിക്കോണം | പൗൾട്ടി ഫാം |
| 11 | V | ശ്രീ.ജി.ഷെർലിൻ, ശിവകൃഷ്ണ സദനം | പ്രോവിഷൻ സ്റ്റോർ |
| 12 | VI | ശ്രീ.ജ്യോതിലാൽ, ശിൽപ്പ | ഫാൻസി സ്റ്റോർ |
| 13 | VII | ശ്രീ.എ.ഷാജഹാൻ, ഷിബിത മൻസിൽ | പ്രോവിഷൻ സ്റ്റോർ |

| | | | |
|---|---|---|---|
| 14 | VII | മുഹമ്മദ് യൂസഫ്, ബിസ്മില്ല മൻസിൽ | ആഡിറ്റോറിയം |
| 15 | VII | അബ്ദുൾ അസീസ്.എ, ഫൈസൽ മൻസിൽ | സ്റ്റേഷനറി ഷോപ്പ് |
| 16 | VII | ശ്രീ.ഇ.ഷംസുദ്ദീൻ, ഷെഫീക്ക് മൻസിൽ | പ്രൊവിഷൻ സ്റ്റോർ |
| 17 | VII | ശ്രീ.ജെ.മുഹമ്മദ് ഷാജു, ഷാജു മൻസിൽ | ഫർണിച്ചർ ഷോപ്പ് |
| 18 | VII | ശ്രീ.ശശിധരൻ.ആർ, എസ്.എസ് ഭവൻ | ബാർബർ ഷോപ്പ് |
| 19 | IX | ശ്രീ.കെ.മോഹൻദാസ്, തുഷാര | ഗ്യാസ് സിലിണ്ടർ സ്റ്റോക്ക് |
| 20 | IX | ശ്രീ.ബി.ശ്രീകുമാർ, ഗീത മന്ദിരം | അഭിരാം ട്രേഡേഴ്സ് |
| 21 | IX | ശ്രീ.പി.സച്ചിദ് ഫൈസൽ, പാറപ്പുറത്ത് | സോപ്പ്, ഡിറ്റർജന്റ് |
| 22 | X | ശ്രീ.ഇസഹാക്ക്,ജാസ്മിൻ മൻസിൽ | സ്റ്റേഷനറി ഷോപ്പ് |
| 23 | X | ശ്രീ.പ്രസന്നൻ, ചരുവിളവീട് | പ്രോവിഷൻ സ്റ്റോർ |
| 24 | XI | ശ്രീമതി.ആർ.ഗീത, മിനിഭവൻ | മാല്യ ബേക്കറി |
| 25 | XI | ശ്രീ.ഇസഹാക്ക്, ജാസ്മിൻ മൻസിൽ | സ്റ്റേഷനറി ഷോപ്പ് |
| 26 | XI | ശ്രീ.എ.അഹമ്മദ് കബീർ, പച്ചയിൽ വീട് | ടെക്സ്റ്റൈൽസ് |
| 27 | XI | ശ്രീ.എസ്.അജി, അജി ഭവൻ | ഇല വ്യാപാരം |
| 28 | XI | ശ്രീ.രതീഷ്, കൃഷ്ണ വിലാസം | കെ.ആർ.സി സൈക്കിൾ സ്റ്റോർ |
| 29 | XI | ശ്രീ.അഖിൽ.എസ്, തിരുവാതിര | സ്റ്റുഡിയോ |

| | | | |
|---|---|---|---|
| 30 | XII | ശ്രീ.ജി.വിശ്വംഭരക്കുറുപ്പ് | മലഞ്ചരക്ക് വ്യാപാരം |
| 31 | XIII | ശ്രീമതി.കെ.പ്രശോഭന, സംഗീത നിവാസ് | ചായക്കട |
| 32 | XIII | ശ്രീ.അനിരുദ്ധൻ, തിരുവോണം | ചാണകപ്പൊടി കച്ചവടം |
| 33 | XIV | ശ്രീ.വിഷ്ണുകുമാർ, പ്ലാവിള വീട് | മൊബൈൽ ഷോപ്പ് |
| 34 | XIV | ശ്രീമതി.ആർ.രമ്യ, തോട്ടത്തിൽ വീട് | മെഡിക്കൽ സ്റ്റോർ |
| 35 | XV | ശ്രീ.എ.നിസാമുദ്ദീൻ, തോപ്പിൽ വീട് | റ്റീ സ്റ്റാൾ |
| 36 | XVI | ശ്രീ.കെ.പി.കാർത്തികേയൻ, | ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥം |
| 37 | XVI | ശ്രീമതി.ജി.മിനിമോൾ, തണൽ | ബേക്കറി |
| 38 | XVI | ശ്രീ.ആർ.എസ്.രാജീവ്, രാജ് ഭവൻ | പെയിന്റ് കട |
| 39 | XVII | ശ്രീമതി.വി.ജലജ, പ്ലാവിള വീട് | പ്രോവിഷൻ സ്റ്റോർ |
| 40 | XVII | ശ്രീ.എസ്.ലാൽഡിംഗ, | സൂര്യ വെൽഡിംഗ് |
| 41 | XVII | ശ്രീ.എസ്.ബിനു, ബിനു നിവാസ് | ഹാർഡ് വെയർ ഷോപ്പ് |

ടഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2016-17 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി

ഈടാക്കേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 3എന്നിവ അനുസരിച്ച് ഒരു വ്യക്തി തുടർച്ചയായോ, പലപ്പോഴായോ, ഓരോ അർദ്ധവർഷവും ഗ്രാമപഞ്ചായത്ത്മേഖലയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

*എ)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

| | | |
|---|---|---|
| a) | കളപ്പില ഫിനാൻസ്- | രണ്ടാം അർദ്ധവർഷം |
| b) | നൂറുൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ-രണ്ടാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| c) | സക്കീർ ഹുസൈൻ സ്കൂൾ - ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | ഒന്നും രണ്ടും രണ്ടാം അർദ്ധവർഷം |

*ബി) എസ്.ബി.എ ലൈഫ് ഇൻഷുറൻസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ.ബി.പി.ഹരികുമാർ എന്ന വ്യക്തിയുടെ ആകെ അർദ്ധവാർഷിക വരുമാനം സ്റ്റേറ്റ്മെന്റ് പ്രകാരം 105000/- രൂപയാണ്. ഈ വ്യക്തിയിൽ നിന്നും 1000/- രൂപ ഈടാക്കുന്നതിന് പകരം 750/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളു.*

*സി) കിളിമാനൂർ കോപ്പറേറ്റീവ് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് എന്ന സ്ഥാപനത്തിലെ ജീവനക്കാരിയെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപന ഉടമ നൽകിയ സ്റ്റേറ്റ്മെന്റിൽ വികലാംഗയാണെന്ന തെളിയിക്കുന്ന രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ല.*

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9)നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു . തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ലേലം പിഴപ്പലിശ ഈടാക്കിയിട്ടില്ല.

കിളിമാനൂർ പബ്ളിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് 17,17,500/- രൂപയ്ക്ക് ശ്രീ സുഗുണൻ കേദാരം, ചെമ്പരുത്തിമുക്ക് എന്ന വ്യക്തിക്ക് 10.03.2016 ൽ നടന്ന പുനർ ലേലത്തിൽ കരാർ ഉറപ്പിച്ചു.ലേല നിബന്ധന 8 അനുസരിച്ച് കരാർ തുകയ്ക്ക് തവണ അനുവദിക്കുന്ന പക്ഷം 2 തുല്യ ഗഡുക്കളായി 2016മാർച്ച് 31,സെപ്റ്റംബർ 30 എന്നീ തീയതികൾക്കു മുൻപായി പഞ്ചായത്തിൽ അടക്കേണ്ടതും തുക നിശ്ചിത തീയതിക്കകം ഒടുക്കാത്ത പക്ഷം 18% പിഴ പലിശ കൂടി ഒടുക്കേണ്ടതുമാണ്. എന്നാൽ പിഴ പലിശ ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| തുക | രസീത് നം. | തീയതി |
|---|---|---|
| 100000/- (EMD) | 11505104494 | 18.02.16 |
| 600000/- | 11505104868 | 03.03.2016 |
| 4,50000/- | 11605103880 | 03.10.2016 |
| 200000/- | 11605500064 | 14.12.2016 |
| 200000/- | 11605500076 | 23.01.17 |
| 100000/- | 1160550079 | 31.01.17 |
| 67500/- | 1160500080 | 31.01.17 |

പിഴ പലിശ ഈടാക്കാത്തതിനാൽ 42846/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ളക്സ് വാടക ഈടാക്കിയിട്ടില്ല.

പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ളക്സ് റൂം നം 0 M S VI, VII എന്നിവ ശ്രീ റസാലുദ്ദീൻ, കുന്നിൽ പുത്തൻവീട്, ശ്രീനിവാസപുരം, മുട്ടപ്പലം എന്നയാൾക്ക് മാസവാടക 14007/- രൂപ മാസവാടക നിരക്കിൽ വാടകയ്ക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത വ്യക്തി 118612/-രൂപ ഒടുക്ക വരുത്തിയിട്ടുണ്ട്. 49472/- രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത

കേരള പഞ്ചായത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 135(3), 137(2), (3), (4) പ്രകാരം, അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരണം നടത്തുമ്പോൾ പെർമ്മിറ്റ് ഫീസ് ഈടാക്കുകയും, ക്രമവൽക്കരണ ഫീസായി പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി വാങ്ങണമെന്നുമാണ്. എന്നാൽ താഴെപ്പറയുന്നവരുടെ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്ന അപേക്ഷയിന്മേൽ, ക്രമവൽക്കരണ ഫീസ് മാത്രം ഈടാക്കി കെട്ടിട നമ്പർ നൽകിയിരിക്കുന്നു. പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല

| ക്രമ നം. | പേര്, വിലാസം | ഫയൽ നം. | വിസ്തീർണ്ണം | പെർമിറ്റ് ഉൾപ്പെടെ ഈടാക്കിയത് | ഈടാക്കേണ്ടത് | ബാക്കി |
|---|---|---|---|---|---|---|
| 1 | റസീനാ ബീവി, ചരുവിള പുത്തൻവീട് | 2386/17 23-03-17 | 33.30 $m^2$ | 333 | 500 | 167 |
| 2 | സമ്പത്ത്/ലത ഭൂതക്കുഴി | 958/17 31-01-17 | 27.13 $m^2$ | 272 | 407 | 135 |
| 3 | റഫീക്ക്, സുദീന അൽഫിയനൻ തട്ടുത്തുമല | A2-736/17 23-01-17 | 130 $m^2$ | 780 | 1170 | 390 |
| 4 | സലിം ചരുവിള വീട്, ഞാവേലിക്കോണം | A2-150/17 06-01-17 | 224.10 $m^2$ | 1345 | 2017 | 672 |
| 5 | ഷാജഹാൻ എൻ.എസ്. ബിൽഡിംഗ്, | A2-9408/17 24-12-2016 | 189.41$m^2$ | 1140 | 1710 | 570 |

| | | | | | | |
|---|---|---|---|---|---|---|
| | തൊളിക്കുഴി | | | | | |
| 6 | ഇന്ദിര,<br>പ്ലാവിള<br>പുത്തൻ വീട്,<br>മുളയ്ക്കലത്തുകാവ് | A2-9402<br>24-12-2016 | 150.25m$^2$ | 902 | 1352 | 450 |
| 7 | സജീഷ്, ബിനു മൻസിൽ,<br>മടത്തറ പി.ഓ | 393/17<br>13-01-17 | 8.02 m$^2$ | 81 | 120 | 40 |
| 8 | നിഷ നിസാർ,<br>നൂറ ഹയാഹൗസ്,<br>തട്ടത്തുമല | 87/17<br>04-01-17 | 131.67m$^2$ | 790 | 1185 | 395 |
| 9 | അബ്ദുൾ റഷീദ്.എം,<br>റിയാസ് മൻസിൽ<br>തട്ടത്തുമല പി.ഓ | 88/16<br>20-12-16 | 273.67 m$^2$ | 1642 | 2463 | 821 |
| 10 | വീണ.എസ്.ആർ<br>കടയിൽ വീട്,<br>ചെറുനാരംകോട്,<br>അടയൺ | 9087/16<br>27-12-16 | 111.6 m$^2$ | 670 | 1004 | 334 |
| 11 | ബിജു/സതികുമാരി<br>അയ്യൻകുഴി പുത്തൻവീട്,<br>അടയമൺ | 2441/17<br>24-03-12 | 109.42m$^2$ | 657 | 985 | 328 |
| 12 | അംബികകുമാരി.എം.കെ,<br>രാജേന്ദ്രബാബു.എൻ<br>പണയിൽ വീട്,<br>പാപ്പാല | 8736/16<br>01-12-16 | 170.54 m$^2$ | 1024 | 1535 | 511 |
| 13 | മുഹമ്മദ് ബിയാസ്.ബി<br>ദാറുസ്സലാം,<br>തോപ്പിൽ | 8799/16<br>25-11-16 | 143.71m$^2$ | 863 | 1293 | 403 |

| | | | | | | |
|---|---|---|---|---|---|---|
| | തൊളിക്കുഴി, അടയമൺ | | | | | |
| 14 | അനിൽകുമാർ, സന്ധ്യ<br>എ.എസ് നിവാസ്, പാപ്പാല, കിളിമാനൂർ | 8177<br>01-11-16 | 182.98 $m^2$ | 1098 | 1647 | 549 |
| 15 | സുബാഷ്.എസ്.എൽ,<br>കുന്നിൽ വീട്,മുളയ്ക്കലത്ത് കാവ്, അടയമൺ | 8142/16<br>31-10-16 | 20.70 $m^2$ | 210 | 315 | 125 (Rs 20 App.fee) |
| 16 | നളിനാക്ഷൻ,<br>ചരുവിള<br>പുത്തൻവീട്,<br>ചെറുനാരയംകാട് | 8179/16<br>01-11-16 | 122.51$m^2$ | 735 | 1103 | 368 |
| 17 | ഫസിലുദ്ദീൻ<br>ജലീൽ മൻസിൽ,<br>അടയമൺ. പി.ഓ | 7725/16<br>21-10-16 | 13.98 $m^2$ | 140 | 210 | 70 |
| 18 | ഷിബു.എസ്.പി<br>ഷിബു<br>നിവാസ്,വയ്യാറ്റിൻകര | 6057/16<br>09-08-16 | 24.75 $m^2$ | 250 | 375 | 125 |
| 19 | ഷീജ<br>പാർപ്പിടം,<br>എള്ളുവിള | 6124/16<br>11-08-16 | 19.14 $m^2$ | 192 | 287 | 95 |
| 20 | സോണിലീനാർ<br>ആത്മനം, കുന്നുമ്മേൽ | 5967/16<br>05-08-16 | 248 $m^2$ | 1488 | 2232 | 744 |
| 21 | നിസരി.ആർ.എസ്<br>ലക്ഷ്മി നിവാസ് | 5958/16<br>08-08-16 | 241.02 $m^2$ | 1446 | 2169 | 723 |
| 22 | ശാന്ത, ശാന്തി നിവാസ്, പാപ്പാല | 5366/16<br>18-07-16 | 146.92 $m^2$ | 882 | 1323 | 441 |
| 23 | ഗിരിജ.എ<br>നെല്ലിക്കുന്നിൽ വീട്,<br>പാപ്പാല | 5449/16<br>19-07-16 | 110 $m^2$ | 660 | 990 | 330 |

| | | | | | | |
|---|---|---|---|---|---|---|
| 24 | നിഷ.എ.എസ്<br>എ.എസ്.എൻ വില്ല<br>നെല്ലിക്കുന്ന് | 4026/16<br>30-05-16 | 138.43 $m^2$ | 834 | 1251 | 417 |
| 25 | കെ.എസ്.സുഭാഷ് ബാബു<br>കുന്നുവിള വീട് | 3872/16<br>24-05-16 | 106.15 $m^2$ | 642 | 956 | 413 |
| 26 | ശൈലജകുമാരി<br>കൊപ്പത്തിൽ വീട് | 4678/16<br>20-06-16 | 137.35 $m^2$ | 828 | 1242 | 414 |
| 27 | ജോയി.എ.ജി<br>ഗംഗ, കാരേറ്റ് | 3828/16<br>21-05-16 | 145.69 $m^2$ | 1460 | 2190 | 730 |
| 28 | ലക്ഷ്മി<br>നെടിയവിള<br>കുന്നിൽ വീട് | 3533/16<br>04-05-16 | 36.4$m^2$ | 370 | 555 | 185 |
| 29 | നബീസാബീവി,<br>നെല്ലിക്കാട് | 3895/16<br>24-05-16 | 193.54 $m^2$ | 1164 | 1746 | 582 |
| 30 | ജലീൽ, ദിൽഷാദ് മൻസിൽ, കണ്ണനല്ലൂർ | A2/6852 /16,21.10.16 | 352 $m^2$ | 3520 | 5280 | 1760 |
| | ആകെ | | | | | 13087 |

പ്രസ്തുത തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുട്ടക്കോഴി വളർത്തൽ- പ്രോജക്ട് പൂർണ്ണമായും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല

എ) പ്രോജക്ട് നമ്പർ - 123/17

പ്രോജക്ടിന്റെ പേര് - മുട്ടക്കോഴി വളർത്തൽ

നിർവ്വഹണം - വെറ്റിനറി സർജൻ

അടങ്കൽ - 422500 (വികസനഫണ്ട്)

ചെലവ് - 323500

ബിൽ നം. - 01/17 (23501120) dated 13-02-17, 28755/- രൂപ

06/17(23501251) dated 30-03-17, 189925/-രൂപ

09/17 (23501289) dated 30-03-17, 11005/-രൂപ

മുട്ട, മാംസം എന്നിവയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 116 യൂണിറ്റാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്. പിന്നീട് ഇത് 845 യൂണിറ്റിനായി പുനർനിർണ്ണയിച്ച് പ്രോജക്ടിന് അംഗീകാരം വാങ്ങി. 145/- രൂപ ഗുണഭോക്തൃ വിഹിതവും 355/- രൂപ സബ്സിഡിയും നൽകാൻ തീരുമാനിച്ചു. 911 ഗുണഭോക്താക്കളെ ഇതിനായി തെരഞ്ഞെടുത്തു. എന്നാൽ 647 യൂണിറ്റുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. 422500/- രൂപ അടങ്കൽ കണക്കാക്കിയിരുന്ന പ്രോജക്ടിനായി 323500/- രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ആവശ്യാനുസരണം ഉണ്ടായിരുന്നിട്ടും പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. പ്രോജക്ട് നിർവ്വഹണ ഘട്ടത്തിലെ ഭരണസമിതിയുടെ ഫലപ്രദമായ ഇടപെടലിന്റെ അഭാവമാണ് പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാതെ പോയത്. ഭാവിയിൽ സമാന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഭരണ സമിതി ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്തം പുലർത്തേണ്ടതാണ്.

## 3-2 <u>ആട്ടുവളർത്തൽ പദ്ധതി - നിർവ്വഹണം തൃപ്തികരമല്ല</u>

പ്രോജക്ട് നമ്പർ - 202/17

പ്രോജക്ടിന്റെ പേര് - ആട്ടുവളർത്തൽ (എസ്.സി)

നിർവ്വഹണം - വെറ്റിനറി സർജൻ

അടങ്കൽ - 320000/- രൂപ

ചെലവ് - 220000/-രൂപ

ബിൽ നം. - 08/17 (23501291) dated 30-03-17

165000/- രൂപ

32 യൂണിറ്റാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്. 204 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. ഗുണഭോക്താക്കളുടെ യോഗത്തിൽ 42 പേർ പങ്കെടുത്തു. എന്നാൽ 22 യൂണിറ്റ് മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. സമൂഹത്തിലെ ദുർബല ജനവിഭാഗത്തിന് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഫലപ്രദമായ തുടർപ്രവർത്തനങ്ങളുടെ അഭാവമാണ് പ്രോജക്ട് പൂർണ്ണമായും ലക്ഷ്യം

കൈവരിക്കാതിരുന്നതിനും പൂർണ്ണമായും തുക ചെലവഴിക്കാൻ കഴിയാതിരുന്നതിനും കാരണം. സമാനമായ പ്രോജക്ടുകൾ ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കൂടുതൽ ശ്രദ്ധ ഭരണസമതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി നടപ്പിലാക്കില്ല

പ്രോജക്റ്റ് നമ്പർ : എസ് 130/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ആകെ അടങ്കൽ : 2,00,000 (വികസന ഫണ്ട്-ജനറൽ)

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. 12-ാം പദ്ധതി മാർഗ്ഗരേഖയിൽ ദാരിദ്ര്യ നിർമാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൽക്ക് വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പദ്ധതി ഉണ്ടായിരിക്കണം എന്നും, ആശ്രയ പദ്ധതി തയാറാക്കുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതല ആണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2016-17വർഷം ആശ്രയ പദ്ധതി നടപ്പിലാക്കാനായി വികസന ഫണ്ട് തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന് (തീയതി 14-08-17)നൽകിയ മറുപടിയിൽ ആശ്രയ ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്തതിനാലണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്ന് മറുപടി നൽകി. നിർബന്ധിതമായും നടപ്പിക്കാണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കാതിരുന്നതും യഥാസമയം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതിരുന്നതും ഗ്രാപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ ആശ്രയ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭിച്ചില്ല

പ്രോജക്ട്നം - 159/16-17

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 100000

ചെലവ് തുക - 100000

ബിൽ നം. - 17/01-11-2016

നിർവ്വഹണം - സെക്രട്ടറി

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 100000/- രൂപ ഹോംകോയ്ക്ക് കൈമാറിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ജില്ലാ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവേദ മരുന്നകൾ വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

എ) പ്രോജക്ട് നമ്പർ - 177/2017

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 150000

ചെലവ് - 150000

ബിൽ നം. - 02/16-17 തീയതി 24-01-2017

03/16-17 തീയതി 24-01-2017

പ്രോജക്ടിനായി 150000/- രൂപ ഔഷധിക്ക് കൈമറിയെങ്കിലും 43179/- രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തീയതി വരെയ്ക്കും ലഭ്യമായിട്ടുള്ളൂ.

ബി) പ്രോജക്ട് നമ്പർ - S0178/17

പ്രോജക്ടിന്റെ പേര് - വൃദ്ധജനങ്ങൾക്ക് ആയുർവേദ മരുന്ന്

അടങ്കൽ - 100000

ചെലവ് - 100000

ബിൽ നം. - 01/16-17 തീയതി 24-01-2017

പ്രോജക്ടിനായി 100000 രൂപ ഔഷധിക്ക് കൈമാറിയെങ്കിലും 15391/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായത്. മേൽ പരാമർശിച്ച രണ്ട് പ്രോജക്ടുകൾക്കും മരുന്ന് വാങ്ങിയത് ജില്ലാ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 191430/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ

എടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കാർ ഉത്തരവ് നമ്പർ 819/2000/Fin തീയതി 18-04-2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതക്കിയത് യുണൈറ്റൈഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ് വഴിയാണ്.

| ക്രമ നം. | രജിസ്റ്റർ നം. | വൗച്ചർ നം., തീയതി | തുക |
|---|---|---|---|
| 1 | KL 16F 2163 | 21600764/17-11-2016 | 10009 |
| 2 | KL 16N 5292 | 21601269/ 27-03-2017 | 8497 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-7 പത്ര പരസ്യം നൽകൽ- ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല

സർക്കാർ ഉത്തരവ് നമ്പർ 17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പത്ര പരസ്യം നൽകുമ്പോൾ 15% ഡിസ്കൗണ്ട് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ 2016-17 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ താഴെപ്പറയുന്ന പത്ര പരസ്യങ്ങളുടെ തുകയിൽ നിന്നും മേൽ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വൗച്ചർനം, തീയതി | ബിൽ നം, തീയതി | പത്രത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 21600137/ 23-05-2016 | BLTVM00258674 12-02-2016 | കേരള കൗമുദി | 11880 |
| 2 | 21601286/ | TVM2017026945 | ദേശാഭിമാനി | 7920 |

| | | | | | |
|---|---|---|---|---|---|
| | 28-03-2017 | 13-02-2017 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് ലഭിച്ച മറുപടിയിൽ വരും വർഷങ്ങളിൽ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി.

## 3-8 തൊഴിൽ രഹിത വേതനം കാലാവധി കഴിഞ്ഞ ശേഷവും അനുവദിച്ചു.

ചുവടെപ്പറയുന്ന വ്യക്തികൾക്ക് മുപ്പത്തിഅഞ്ച് വയസ്സ് പൂർത്തിയായ ശേഷവും തൊഴിൽ രഹിത വേതനം അനുവദിച്ച് നൽകി

| ക്രമ നം. | റോൾ നം. | പേരും വിലാസവും | ജനനതീയതി | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 836 | ശ്രീമതി.എം.മിനി, മിനിഭവൻ, വണ്ടന്നൂർ | 10-04-1981 | 480 |
| 2 | 1374 | ശ്രീമതി.ആർ.ബിന്ദു, കുളപ്പാറകുന്നിൽ വീട്, വയ്യാറ്റിൻകര, അടയമൺ | 20-05-1981 | 360 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## 3-9 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രോജക്ട് നമ്പർ - SO141/17

പ്രോജക്ടിന്റെ പേര് - പട്ടികജാതി കോളനികളിൽ എൽ.പി, യു.പി വിഭാഗം കുട്ടികൾക്ക് പഠന വീട്

അടങ്കൽ - 275620

ചെലവ് - 96000

ബിൽ നം. - 06/16-17 18-03-2017 (64,000/-)

07/16-17 24-03-17 (32,000/-)

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ ഭാഗമായി, പട്ടികജാതി കോളനികളിൽ എൽ.പി, യു.പി വിഭാഗം കുട്ടികൾക്ക് വൈകുന്നേരത്തെ പഠനവീട് ക്ളാസ്സിനൊപ്പം ലഘുഭക്ഷണ വിതരണത്തിനായി 63000/- രൂപ ചെലവഴിച്ചിരിക്കുന്നു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ജി.ഓ (എം.എസ്) 04/2016/LSGD തീയതി 11-01-2016 പ്രകാരം അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിനും, ആശ്രയ-അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾക്കാണ് പ്ലാൻ ഫണ്ട്/തനത് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളത്. കൂടാതെ 10-11-2008 ലെ 71413/D.B2/2008/LSGD നം സർക്കുലർ പ്രകാരം മറ്റു പ്രോജക്ടുകൾക്ക് ഭക്ഷ്യധാന്യ വിതരണത്തിനായി തുക ചെലവഴിക്കുന്നത് നിർവ്വഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17ന് ലഭിച്ച മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ലഘുഭക്ഷണ വിതരണത്തിനായി തുക ചെലവഴിച്ചതെന്ന് അറിയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖകളും കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നടപ്പിക്കേണ്ടതാണ്.

## **3-10** <u>പദ്ധതിക്ക് തുക ചെലവഴിക്കൽ- ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പാലിച്ചില്ല</u>

പ്രോജക്ട് നമ്പർ - 115/2017

പ്രോജക്ടിന്റെ പേര് - ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

അടങ്കൽ - 420000

ചെലവ് - 90000 (പ്ലാൻ ഫണ്ട്)

ബിൽ നം. - 02/16-17 (20-03-17)

03/16-17 (31-03-17)

നിർവ്വഹണം - വി.ഇ.ഒ

പ്ലാൻഫണ്ട് 90000, തനത് ഫണ്ട് വിഹിതം 210000, ഗുണഭോക്തൃ വിഹിതം 120000 രൂപ എന്നിങ്ങനെ അടങ്കൽ കണക്കാക്കിയാണ് പ്രോജക്ടിന് അംഗീകാരം നേടിയത്. എന്നാൽ പ്ലാൻ ഫണ്ട് മാത്രമാണ് തൻവർഷം ചെലവ് ചെയ്തത്. ഇത് ഫണ്ട് വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് (സർക്കാർ ഉത്തരവ് നം.177/2006/Fin). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8)നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പാലിച്ച് പ്രോജക്ടിന് തുക ചെലവഴിക്കുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

## 3-11 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ50710/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 22/17 | വടക്കുംപുറം അങ്കണവാടി വട്ടപച്ച റോഡ് | 1370 | 3 | 4110 |
| 2 | 48/16 | പറണ്ടക്കുഴി-വാഴോട് റോഡ് രണ്ടാം മെറ്റലിംഗും ടാറിംഗും | 1890 | 3 | 5670 |
| 3 | 53/17 | ഇടക്കുന്ന്-വണ്ടന്നൂർ റോഡ് പുനരുദ്ധാരണം | 2630 | 3 | 7890 |
| 4 | 204/16 | കുഴിവിള-ഇരപ്പിൽ പാലം | 2630 | 3 | 7890 |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം | | | |
| 5 | 206/16 | അടമൺ-പയ്യനാട് കസ്തൂർബ അങ്കണവാടി നിർമ്മാണം | 2630 | 5 | 13150 |
| 6 | 54/17 | പറണ്ടക്കുഴി-വണ്ടിത്തടം റോഡ് | 840 | 3 | 2520 |
| 7 | 75/17 | പറണ്ടക്കുഴി അങ്കണവാടി നിർമ്മാണം | 1790 | 2 | 3580 |
| 8 | 55/17 | മെഷീൻകുന്ന്-ആറ്റിൻഭാഗം റോഡ് മെറ്റലിംഗും ടാറിംഗും | 1160 | 1 | 1160 |
| 9 | / 17 | പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ ലൈറ്റ് സ്ഥാപിക്കൽ | 1580 | 3 | 4740 |
| ആകെ | | | 16520 | 26 | 50710 |

മേൽ തുകഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 വി.ഇ .ഒ യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ(അക്കൗണ്ട് നം. 10444768008 SBT Thattathumala) നിലവിൽ 258080/- ബാലൻസ് കാണുന്നു. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 17,16.07.17) മറുപടി നല്കിയിട്ടില്ല. തുകയുടെ വിശദാംശം അറിയിക്കേണ്ടതും ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കാത്തതിന് വിശദീകരണം നല്കേണ്ടതുമാണ്.

## 3-13 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

*ഗ്രാപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.* ജി. ഒ. (ആർ.ടി) 3217/2015/ ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഉത്തരവിലെ മാർഗനിർദേശം 2.3.2 പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും പി. എം. സി. രൂപികരിക്കേണ്ടതാണെന്നും രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാർഗ്ഗ നിർദേശത്തിനനുസൃതമായി PMC കൂടേണ്ടതും അതോടൊപ്പം എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) കൂടേണ്ടതാണ്. ( മാർഗനിർദേശം 2.4.2)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 25000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം (ജനറൽ) | 25000/- | - |
| | 2016-17 | 37980/- | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 37980/- | 20374 |

| | | | | | |
|---|---|---|---|---|---|
| | 2016-17 | 28080 | വിധവകളായ വനിത ക്ഷീരകർഷകർക്ക് സബ്സിഡി | 7706/- | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കിളിമാനൂർ | ഐ.എ.വൈ ഭവന പദ്ധതി പഞ്ചായത്ത് വിഹിതം | ലഭ്യമാക്കിയില്ല | 2025000 | 2025000 | 0 |
| | ശ്മശാനം പഞ്ചായത്ത് വിഹിതം | ലഭ്യമാക്കിയില്ല | 1000000 | 1000000 | 0 |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം | ലഭ്യമാക്കിയില്ല | 700000 | 700000 | 0 |
| KWA | ചെറുവാരക്കോണം-കാനാറ കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ | ലഭ്യമാക്കിയില്ല | 350000 | - | 350000 |

| | | | | | |
|---|---|---|---|---|---|
| KWA | തുണ്ടിൽ കട കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ | ലഭ്യ മാക്കിയില്ല | 150000 | - | 150000 |
| KWA | ഈഞ്ചവിള കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ | ലഭ്യ മാക്കിയില്ല | 182000 | 182000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | | 11408753 | 3422628 | 2051155 | | 1371473 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-6 | 11646 | അസി.എഞ്ചിനീയർ | 11505103874/ 06-01-17 |
| 2013-14 | 2-3 | 772756 | ശ്രീ.നിഷാദ് | 1160540021/ 21-01-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ. |
|---|---|---|---|---|---|
| 2003-04 | 3-13 | 2006-07 | 3- 1- 1 | വിവിധ റോഡ് പ്രവർത്തികൾക്ക് ലീഡും ലിഫ്റ്റും കുറയ്ക്കാത്തത് സംബന്ധിച്ച് | റിപ്പോർട്ട് നിയമസഭാ സമിതിയ്ക്ക് നൽകി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70788113.04/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57334820/- |
| വരവിനങ്ങളിലുള്ള നഷ്ടം | 112493/- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 291430/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7088/- | | ശ്രീ.എൻ.രഘുകുമാർ , സെക്രട്ടറി |
| 2-5 | 42846/- | | ശ്രീ.എൻ.രഘുകുമാർ, സെക്രട്ടറി |
| 2-6 | 49472/- | | ശ്രീ.എൻ.രഘുകുമാർ , സെക്രട്ടറി |
| 2-7 | 13087/- | | ശ്രീ.എൻ.രഘുകുമാർ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | |
|---|---|---|
| 3-4 | 100000/- | ശ്രീ.എൻ.രഘുകുമാർ, സെക്രട്ടറി |
| 3-5 | 191430/- | ഡോ.സോജ്.ആർ ,എം ഒ ആയുർവേദം. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.രഘുകുമാർ സെക്രട്ടറി | - | മാതൃസ്മരണ, കുറ്റിയാണി, പന്തലക്കോട് പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്നവ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി11/1183.തീയതി 20.02.2014 | 3 |
| 2001-02 | നം.എൽ.എഫ് റ്റി.ഡി. ജി.പി.9/259/08, dt 02.07.14 | 5 |
| 2003-04 | നം.എൽ.എഫ്. റ്റി.ഡി .ജി.പി.11/388/05.dt 02.07.14 | 4 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി .ജി.പി.11/1539/06 dt 02.07.14 | 2 |

| | | |
|---|---|---|
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/1439/08/ dt 02.07.14 | 6 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/1834/09 dt 02.07.14 | 15 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.1168/11, dt 02.07.14 | 14 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.1169/11, dt 02.07.14 | 6 |
| 2010-11 & 11-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/2719/13, dt 24.04.14 | 16 |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/553/14 dt 07.06.2014 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/910/2015 dt 13.08.2015 | 12 |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/1313/2016, dt 30.07.1016 | 15 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2128/2016 തീയതി: 15.12.2016 | 10 |

ഒപ്പ്
ഡെപ്യൂട്ടി
ഡയറക്ടർ

കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പരാർശങ്ങളും ചുവടെചേർത്തിരിക്കുന്ന നിരീക്ഷണങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. തൊഴിലില്ലായ്മ വേതനം വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 27600 രൂപ ട്രഷറിയിൽ തിരിച്ചടച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല.
2. Financial Assistance to Widow Daughters ഇനത്തിൽ 60000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നു. 30,000 രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.
3. Schedule B11(a)ൽ Capital Work in Progress 408786 രൂപയാണ്, AE യുടെ റിപ്പോർട്ട് പ്രകാരം 557005 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.
4. RP Schedule Closing Balance (RP 40-b) യിൽ VPFA I ൽ 31259 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുകകളുടെ ട്രഷറി ബാലൻസ് സ്റ്റേറ്റ്മെന്റ് (പാസ്സ്ബുക്ക്) ഹാജരാക്കിയിട്ടില്ല.
5. ഡി.സി.ബി തിരുവനന്തപുരം 223 ന്റെ ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് ബാലൻസ് 10411356.40, Bank Statement പ്രകാരം 11178626.25. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. ഓഡിറ്റ് റിക്കവറി ഇനത്തിൽ 784396 രൂപ ഒടുക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ 772750 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
7. ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ക്യാഷ് ബുക്ക്, പാസ്സ്ബുക്ക്, ക്ലോസിംഗ് ബാലൻസുകൾ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ക്ലോസിംഗ് ബാലൻസ് ക്യാഷ്

ബുക്ക് പ്രകാരം 2328639 രൂപയും, ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 1260941 രൂപയുമാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്